നം.ഇ.എക്സ്.എ7/14368/2022/സിജിഇ.

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 14/06/2022.

# സർക്കുലർ

വിഷയം:- യു.എസ്.എസ്. പരീക്ഷ 2022 - നടത്തിപ്പ് - തുടർ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1) വിജ്ഞാപനം നം.എച്ച്1/11026/2022/സി.ജി.ഇ. തീയതി. 04/05/2022.
2) സർക്കാർ ഉത്തരവ് നം.5662/15/പൊ.വി.വ. തീയതി. 30/11/2015.

............

04/05/2022-ന് പുറപ്പെടുവിച്ച പരീക്ഷാവിജ്ഞാപന പ്രകാരം എൽ.എസ്.എസ്/ യു.എസ്.എസ് പരീക്ഷാ 25/06/2022-ന് രാവിലെ 10.00 മണിമുതൽ 12.20 വരെ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. യു.എസ്.എസ്. പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുളള നിർദ്ദേശങ്ങൾ എല്ലാ ചീഫ് സൂപ്രണ്ടുമാരും/ ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാരും, ഇൻവിജിലേറ്റർമാരും കൃത്യമായി പാലിക്കേണ്ടതാണ്.

## I. ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്

1. പരീക്ഷാ സെന്ററിലെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളുടെയും പരിപൂർണ്ണ ചുമതല ചീഫ്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടിൽ നിക്ഷിപ്തമാണ്.
2. പരീക്ഷയ്ക്കാവശ്യമായ സീറ്റിംഗ് അറേഞ്ച്മെന്റും രജിസ്റ്റർ നമ്പർ രേഖപ്പെടുത്തലും തലേദിവസം തന്നെ ചെയ്യേണ്ടതാണ്. ഒരു ക്ലാസ്സ് മുറിയിൽ 20 കുട്ടികൾക്ക് ഇരിക്കുവാൻ ആവശ്യമായ സീറ്റുകൾ ഉണ്ടാകണം. ഒരു ബെഞ്ചിൽ രണ്ട് കുട്ടികളെ വിതം ഇരുത്തണം. താഴെ കാണിച്ചിരിക്കും വിധം ആയിരിക്കണം സീറ്റിംഗ് അറേഞ്ച് ചെയ്യേണ്ടത്.

**<u>Seating Arrengements</u>**

| | | | |
|---|---|---|---|
| 20 | 19 | 18 | 17 |
| 13 | 14 | 15 | 16 |
| 12 | 11 | 10 | 9 |
| 5 | 6 | 7 | 8 |
| 4 | 3 | 2 | 1 |

3. എ.ഇ.ഒ. നിയമിക്കുന്ന ഇൻവിജിലേറ്റേഴ്സിൽ നിന്നും അവരുടെ ബന്ധുക്കൾ ആരും തന്നെ പരീക്ഷ എഴുതുന്നില്ലായെന്ന സാക്ഷ്യപത്രം വാങ്ങണം.

4. പരീക്ഷ ആരംഭിക്കുന്നതിന് 60 മിനിട്ട് മുമ്പ് തന്നെ എല്ലാ ഇൻവിജിലേറ്റേഴ്സും ഹാജരാകണമെന്ന് മുൻകൂട്ടി നിർദ്ദേശം നൽകണം.

5. പരീക്ഷ ആരംഭിക്കുന്നതിന് 30 മിനിട്ട് മുമ്പ് പരീക്ഷാ സംബന്ധമായ നിർദ്ദേശങ്ങൾ ഇൻവിജിലേറ്റേഴ്സിന് നൽകി പരീക്ഷ നടക്കുന്ന റൂമിലേക്ക് അയയ്ക്കണം.

6. ക്ലാസ്സ് മുറിയിലേക്ക് നിയമിക്കുന്ന ഇൻവിജിലേറ്ററിന്റെ കൈവശം ആവശ്യാനുസരണമുളള ഒ.എം.ആർ. ഷീറ്റുകൾ, അറ്റൻഡൻസ് ഷീറ്റ് എന്നിവ കൊടുത്തുവിടണം.

7. ചോദ്യപേപ്പർ പായ്ക്കറ്റുകൾ സീൽ ചെയ്ത് വച്ചിരിക്കുന്ന അലമാരയിൽ നിന്നും പുറത്തെടുത്തശേഷം പായ്ക്കറ്റുകൾ പൊട്ടിച്ച് ഓരോ ക്ലാസ്സ് മുറികളിലേക്കും ആവശ്യമുളള മൂന്ന് പാർട്ടുകളുടെ ബുക്ക്ലെറ്റുകൾ **Part-A (One Booklet), Part-B (One Booklet), Part-C to F (One Booklet)** (20 നമ്പർ വീതം) സെറ്റ് ചെയ്ത് വയ്ക്കേണ്ടതാണ്.

8. ഓരോ ക്ലാസ്മുറികളിലേക്കും ആവശ്യാനുസരണം ബുക്ക്ലെറ്റുകൾ ഉണ്ടെന്ന് ഉറപ്പാക്കി കൃത്യ സമയത്ത് തന്നെ ക്ലാസ്സ് മുറികളിൽ എത്തിക്കണം. ഇത് ചീഫ്/ ഡെപ്യൂട്ടി ചീഫ് എന്നിവർ നേരിട്ട് ചെയ്യേണ്ടതാണ്.

ഇൻവിജിലേറ്റേഴ്സ്

9. ഇൻവിജിലേറ്റർമാരായി നിയമിതരാകുന്ന അദ്ധ്യാപകർ പരീക്ഷാദിവസം രാവിലെ പരീക്ഷ ആരംഭിക്കുന്ന സമയത്തിന് ഒരു മണിക്കൂർ മുമ്പ് തന്നെ ചീഫ് സൂപ്രണ്ടിന്റെ മുന്നിൽ റിപ്പോർട്ട് ചെയ്യണം.

10. ഇൻവിജിലേറ്റർമാരുമായി ബന്ധമുളള പരീക്ഷാർത്ഥി യു.എസ്.എസ്. പരീക്ഷ എഴുതുന്നില്ല എന്ന ഡിക്ലറേഷൻ ചീഫ് സൂപ്രണ്ടിന് ഒപ്പിട്ട് നൽകണം.

11. അനുവദിച്ചിരിക്കുന്ന റൂമിലേക്ക് ചീഫിന്റെ നിർദ്ദേശപ്രകാരം പോകുമ്പോൾ ക്ലാസ്സ് മുറിയിലേക്ക് ആവശ്യമുളള ഒ.എം.ആർ. ഷീറ്റിന്റെ (20 എണ്ണം) പായ്ക്കറ്റും അറ്റൻഡൻസ് ഷീറ്റും ഉണ്ടെന്ന് ഉറപ്പുവരുത്തുക.

12. ക്ലാസ്സ്മുറിയിൽ എത്തി ഹാജരായിരിക്കുന്ന ഓരോ കുട്ടിയുടെയും ഹാൾടിക്കറ്റ് പരിശോധിക്കണം.

13. പരീക്ഷാർത്ഥിയുടെ കൈവശം അഡ്മിറ്റ് കാർഡ്, റൈറ്റിംഗ് പാഡ്/ക്ലിപ്പ് ബോർഡ്, ബോൾ പോയിന്റ് പെൻ (ബ്ലാക്ക്/ബ്ലൂ ഇങ്ക്) എന്നിവ മാത്രമേ ഉണ്ടാകാൻ പാടുളളൂ എന്ന് ഉറപ്പാക്കണം.

14. പരീക്ഷാർത്ഥികളെ പരീക്ഷാഭവൻ നിർദ്ദേശിച്ച രീതിയിലാണ് ക്ലാസ്സ് മുറിയിൽ സീറ്റിംഗ് അറേഞ്ച്മെന്റ് ചെയ്ത് ഇരുത്തിയിരിക്കുന്നതെന്ന് ഉറപ്പാക്കുക.

ഒ.എം.ആർ. ഷീറ്റ് വിതരണം

15. വിദ്യാർത്ഥികൾക്ക് നൽകുന്ന ഒ.എം.ആർ ഷീറ്റ് ഒറിജിനലും കാർബൺ കോപ്പിയും ചേർന്നുള്ളതാണ്. പരീക്ഷ കഴിയാതെ കാർബൺ കോപ്പി യാതൊരു കാരണവശാലും ഇളക്കി എടുക്കരുത്. ഒറിജിനൽ ഷീറ്റിൽ രേഖപ്പെടുത്തുന്ന എല്ലാ വിവരങ്ങളും കാർബൺ കോപ്പിയിലും ഉണ്ടാകണം. ഒ.എം.ആർ. ഷീറ്റിന്റെ മുകൾ ഭാഗത്ത് കുട്ടികളെ സംബന്ധിച്ച ഡാറ്റായാണ് പൂരിപ്പിക്കാനുള്ളത്. താഴെ ഭാഗത്ത് ഉത്തരങ്ങൾ രേഖപ്പെടുത്താനുള്ളതും. ഒ.എം.ആർ ഷീറ്റിലെ ബാർകോഡിന് യാതൊരു വിധത്തിലുള്ള കീറലോ, മായ്ക്കലോ അല്ലെങ്കിൽ യാതൊരു വിധത്തിലുള്ള കേടുപാടുകളും വരുത്തരുതെന്ന് നിർദ്ദേശിക്കണം. ഒ.എം.ആർ ഷീറ്റ് ചുരുട്ടുകയോ മടക്കുകയോ ചെയ്യരുതന്ന് നിർദ്ദേശിക്കണം.

ഒ.എം.ആർ. ഷീറ്റിൽ പരീക്ഷാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നത്

ഒ.എം.ആർ. ഷീറ്റ് വിതരണം ചെയ്യുന്നതിന് മുമ്പ് ഒ.എം.ആർ. ഷീറ്റ് പൂരിപ്പിക്കുന്നത് എങ്ങനെയെന്ന് കുട്ടികൾക്ക് കാണിച്ച് കൊടുക്കുകയും, വിശദീകരിക്കുകയും വേണം. ഒ.എം.ആർ. ഷീറ്റിൽ നൽകിയിട്ടുള്ള പേര്, രജിസ്റ്റർ നമ്പർ, ബുക്ക്ലെറ്റ് നമ്പർ, സെറ്റ്, പരീക്ഷയ്ക്ക് വിദ്യാർത്ഥി തെരഞ്ഞെടുത്തിരിക്കുന്ന ലാംഗ്വേജ്, മീഡിയം എന്നിവ ശരിയായ രീതിയിലാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് ഇൻവിജിലേറ്റർ ഉറപ്പുവരുത്തിയ ശേഷം പരീക്ഷാർത്ഥി ഒ.എം.ആർ ഷീറ്റിൽ കാണിച്ചിരിക്കുന്ന സ്ഥലത്ത് ഒപ്പ് രേഖപ്പെടുത്താൻ നിർദ്ദേശിക്കണം. ചോദ്യപേപ്പർ വിതരണം കഴിഞ്ഞതിനുശേഷമേ സെറ്റ് കോഡ്, ബുക്ക്ലെറ്റ് നമ്പർ എന്നിവ ഒ.എം.ആർ. ഷീറ്റിൽ പൂരിപ്പിക്കാവൂ എന്ന് ആദ്യം തന്നെ പൊതുവായി ക്ലാസ്സിൽ നിർദ്ദേശം നൽകണം. പരീക്ഷാർത്ഥി അടയാളപ്പെടുത്തേണ്ട എല്ലാ കോളങ്ങളും ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തിയശേഷമേ ഇൻവിജിലേറ്റർ ഒ.എം.ആർ. ഷീറ്റിൽ ഒപ്പ് രേഖപ്പെടുത്താവൂ.

നാല് സെറ്റുകളിലായി പ്രിന്റ് ചെയ്ത ചോദ്യ ബുക്ക്ലെറ്റുകളായിരിക്കും പരീക്ഷാഹാളിൽ ചോദ്യപേപ്പർ വിതരണം ചെയ്യുന്നത്. എ, ബി, സി, ഡി എന്നീ നാല് സെറ്റുകളിൽ ലഭിക്കുന്ന ചോദ്യപേപ്പർ ക്ലാസ്സ് മുറിയിൽ വിതരണം ചെയ്യുമ്പോൾ ആദ്യത്തെ പരീക്ഷാർത്ഥിക്ക് സെറ്റ് എ, രണ്ടാമത്തെ വിദ്യാർത്ഥിക്ക് സെറ്റ് ബി, മൂന്നാമത്തെ പരീക്ഷാർത്ഥിക്ക് സെറ്റ് സി, അങ്ങനെ ഒരു വരിയിലെ അവസാന വിദ്യാർത്ഥിക്ക് സെറ്റ് ഡി എന്നിങ്ങനെ ആയിരിക്കണം നൽകേണ്ടത്. ഇതിനിടയിൽ ഒരു പരീക്ഷാർത്ഥി ആബ്സന്റ് ആണെങ്കിൽ ടിയാളുടെ ഒ.എം.ആർ. ഷീറ്റും ചോദ്യപേപ്പറും ആ സീറ്റിൽ തന്നെ വയ്ക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞ് ഇവ തിരിച്ചെടുക്കാം. സെറ്റ് എ ചോദ്യം ലഭിച്ച പരീക്ഷാർത്ഥിക്ക് എല്ലാ പാർട്ടുകൾക്കും എ സെറ്റ് ചോദ്യങ്ങൾ തന്നെയായിരിക്കണം നൽകേണ്ടത്. ഒരു കാരണവശാലും സെറ്റ് എ ബുക്ക്ലെറ്റ് നൽകിയ ആൾക്ക് മറ്റ് പാർട്ടുകളിലേക്കുള്ള ബുക്ക്ലെറ്റുകൾ നൽകുമ്പോൾ സെറ്റ് മാറി പോകരുത്. ഇത്തരത്തിൽ പിശകു വരുത്തുന്നപക്ഷം ഒ.എം.ആർ സ്കാനിംഗിൽ പരീക്ഷാർത്ഥിയുടെ റിസൽട്ട് ലഭ്യമാവുകയില്ല. ആയതിനാൽ ഇൻവിജിലേറ്റർമാർ മുകളിൽ നൽകിയിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ക്ലാസ്സിലെ മുഴുവൻ വിദ്യാർത്ഥികളും കേൾക്കെ ഉറക്കെ വായിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകണം. പരീക്ഷ ആരംഭിച്ച് അരമണിക്കൂർ കഴിഞ്ഞ് വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. ആയതുപോലെ പരീക്ഷ തീർന്നതിന് ശേഷം മാത്രമേ പരീക്ഷാർത്ഥിയെ ഹാളിന് പുറത്ത് വിടാവൂ. വിതരണം ചെയ്യുന്ന ഒ.എം.ആർ. ഷീറ്റിൽ കേടുപാടുകൾ ഉണ്ടെങ്കിൽ അവ മാറ്റി മറ്റൊന്നു നൽകണം.

പരീക്ഷാർത്ഥികൾ ഒ.എം.ആർ ഷീറ്റിൽ ഡാറ്റ ഫിൽ ചെയ്യുമ്പോൾ ഇൻവിജിലേറ്റർ-ന്റെ ശ്രദ്ധ ഓരോരുത്തരിലും ഉണ്ടാകണം.

8. <u>ക്വസ്റ്റ്യൻ ബുക്ക്‌ലെറ്റ്</u>

പരീക്ഷയ്ക്ക് മൂന്ന് ബുക്ക്‌ലെറ്റുകൾ ഉണ്ടായിരിക്കും. (ബുക്ക്‌ലെറ്റ് 1 പാർട്ട് എ, ബുക്ക്‌ലെറ്റ് 2 പാർട്ട് ബി, ബുക്ക്‌ലെറ്റ് 3 പാർട്ട് സി മുതൽ എഫ് വരെ) എ, ബി, സി, ഡി എന്നീ നാല് സെറ്റുകളിലായി തയ്യാറാക്കിയിരിക്കുന്ന ഓരോ സെറ്റിലേയും അഞ്ച് എണ്ണം വീതം ഉള്ള 20 ചോദ്യങ്ങൾ അടങ്ങിയ സീൽ ചെയ്ത ബുക്ക്‌ലെറ്റ് പായ്ക്കറ്റ് ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് എന്നിവർ താഴെ സൂചിപ്പിക്കുന്ന പ്രകാരം പരീക്ഷാ ഹാളിൽ എത്തിക്കേണ്ടതാണ്. ഈ പായ്ക്കറ്റുകൾ നിർദ്ദിഷ്ട സമയത്ത് ഇൻവിജിലേറ്റേഴ്സ് തുറന്ന് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യണം. ചോദ്യപേപ്പർ വിതരണം ചെയ്തതിനുശേഷം ഓരോരുത്തർക്കും ലഭിച്ച ചോദ്യപേപ്പറിൽ രേഖപ്പെടുത്തിയിരിക്കുന്ന സെറ്റ്, ബുക്ക്‌ലെറ്റ് നമ്പർ (ഒന്നാമത്തെ ബുക്ക്‌ലെറ്റ്) എന്നിവ തെറ്റ് കൂടാതെ അവരവരുടെ ഒ.എം.ആർ. ഷീറ്റിൽ രേഖപ്പെടുത്താൻ നിർദ്ദേശിക്കണം. ഈ രേഖപ്പെടുത്തൽ ശരിയാണോ എന്ന് ഓരോരുത്തരുടെയും ഒ.എം.ആർ. ഷീറ്റും ചോദ്യപേപ്പറും പരിശോധിച്ച് ഇൻവിജിലേറ്റർ ഉറപ്പുവരുത്തണം. പരീക്ഷാർത്ഥികൾക്ക് ഓരോ പാർട്ടിനും നൽകുന്ന ബുക്ക്‌ലെറ്റിലെ കോഡ് ആദ്യ സെറ്റിന്റേതു തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

| |
|---|
| ഉദാ:- ബുക്ക്‌ലെറ്റ് 1 സെറ്റ് കോഡ് ‘എ’ ലഭിച്ച പരീക്ഷാർത്ഥിക്ക് തുടർന്നുള്ള ബുക്ക്‌ലെറ്റുകൾ നൽകുമ്പോൾ സെറ്റ് എ കോഡ് തന്നെ നൽകണം. |

## <u>പരീക്ഷാദിവസം ചീഫ്/ഡെപ്യൂട്ടി സൂപ്രണ്ട്/ഇൻവിജിലേറ്റേഴ്സ് എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ</u>

- <u>8.20 നും 9.10 നും</u> ഇടയിൽ ഓരോ ഹാളിലേയ്ക്കും ആവശ്യമായ മൂന്ന് ബുക്ക്‌ലെറ്റ് ചോദ്യപേപ്പറുകളും ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവർ പ്രത്യേകമായി ക്രമീകരിക്കേണ്ടതാണ്.

- <u>9.20 ന് വിദ്യാർത്ഥികളും ഇൻവിജിലേറ്ററും പരീക്ഷാഹാളിൽ പ്രവേശിക്കുന്നു. 20 ഒ.എം.ആർ ഷീറ്റുകൾ അടങ്ങിയ ഒ.എം.ആർ പാക്കറ്റും അറ്റൻഡൻസ് ഷീറ്റും 20 ചോദ്യങ്ങൾ അടങ്ങുന്ന ഒന്നാമത്തെ ബുക്ക്‌ലെറ്റും ഇൻവിജിലേറ്റർമാരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.</u>

- എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷാഭവനിൽ നിന്നും ലഭ്യമായിട്ടുള്ള ഹാൾടിക്കറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തുകയും, ഹാൾടിക്കറ്റുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ഇതുകഴിഞ്ഞാൽ 20 ചോദ്യപേപ്പറുകൾ അടങ്ങുന്ന പാക്കറ്റ് പൊട്ടിച്ച് എ കോഡിലെ 5 ചോദ്യങ്ങൾ, ബി കോഡിലെ 5 ചോദ്യങ്ങൾ, സി കോഡിലെ 5 ചോദ്യങ്ങൾ, ഡി കോഡിലെ 5 ചോദ്യങ്ങൾ എന്നിങ്ങനെ നാല് ഗ്രൂപ്പായി ചോദ്യങ്ങളെ തരംതിരിച്ച് ഇൻവിജിലേറ്റർ വയ്ക്കേണ്ടതാണ്.

- **9.30 ന്** രജിസ്റ്റർ നമ്പർ ക്രമത്തിൽ വിദ്യാർത്ഥികൾക്ക് ഒ.എം.ആർ വിതരണം ചെയ്യുന്നു. ഏതെങ്കിലും വിദ്യാർത്ഥികൾ ആബസന്റ് ആയാൽ ആ വിദ്യാർത്ഥികളുടെ ഒ.എം.ആർ അവരുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തിയ ടേബിളിൽ വയ്ക്കേണ്ടതാണ്.
- ഒ.എം.ആർ വിതരണം പൂർത്തിയായി കഴിഞ്ഞാലുടൻ തന്നെ 9.35 മുതൽ വിദ്യാർത്ഥികൾക്ക് ഒ.എം.ആർ-ഷീറ്റിൽ വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള നിർദ്ദേശം നൽകി ഒ.എം.ആർ ഷീറ്റിലെ ബയോഡാറ്റാ പാർട്ട് പൂരിപ്പിക്കുന്ന പ്രവർത്തനം ഓരോ വിദ്യാർത്ഥികളെ കൊണ്ടും തെറ്റുകൂടാതെ പൂർത്തിയാക്കേണ്ടതാണ്.

- **9.45 ന്** ഒന്നാമത്തെ ബുക്ക്ലെറ്റ് വിതരണം ചെയ്യുന്നു. ബുക്ക്ലെറ്റുകൾ വിതരണം ചെയ്യുമ്പോൾ വിദ്യാർത്ഥികളുടെ ഒന്നാം ഭാഷ **പാർട്ട് 1 AT** പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. എ കോഡുള്ള വിദ്യാർത്ഥികളെ ഒരുമിച്ച് എഴുന്നേൽപ്പിക്കുകയും അവരുടെ ചോദ്യപേപ്പർ വിതരണം കഴിഞ്ഞതിന് ശേഷം യഥാക്രമം ബി കോഡ്, സി കോഡ്, ഡി കോഡ് എന്നിവയുടെ വിതരണം പൂർത്തീകരിക്കേണ്ടതുമാണ്. ഏതെങ്കിലും വിദ്യാർത്ഥി ഹാജരായിട്ടില്ലായെങ്കിൽ ടിയാളുടെ ടേബിളിൽ നേരത്തേവെച്ചിട്ടുള്ള ഒ.എം.ആർ-ന്റെ കൂടെ ചോദ്യപേപ്പർ വയ്ക്കേണ്ടതാണ്. ഒന്നാമത്തെ ബുക്ക്ലെറ്റിലെ ബുക്ക്ലെറ്റ് നമ്പർ വിദ്യാർത്ഥികൾ OMR ൽ രേഖപ്പെടുത്തുവാൻ നിർദ്ദേശം നൽകുന്നു.

- **9.45**-നകം രണ്ടാമത്തെ ബുക്ക്ലെറ്റും മൂന്നാമത്തെ ബുക്ക്ലെറ്റും ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട് ഹാളിൽ എത്തിക്കേണ്ടതാണ്.

- **9.50 ന്** രണ്ടാമത്തെ ബുക്ക്ലെറ്റ് വിതരണം ചെയ്യുന്നു. രണ്ടാമത്തെ ബുക്ക്ലെറ്റ് വിതരണം ചെയ്യുമ്പോൾ വിദ്യാർത്ഥികളുടെ ഒന്നാം ഭാഷ **പാർട്ട് 2, BT** പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാമത്തെ ബുക്ക്ലെറ്റ് വിതരണം ചെയ്യുമ്പോൾ ആദ്യത്തെ ബുക്ക്ലെറ്റിന്റെ കോഡും, രണ്ടാമത്തെ ബുക്ക്ലെറ്റിന്റെ കോഡും ഒന്നുതന്നെയാണെന്ന് ഉറപ്പുവരുത്തുക.

- രണ്ടാമത്തെ ബുക്ക്‌ലെറ്റ് കോഡ് വിതരണം പൂർത്തീകരിച്ചാൽ മൂന്നാമത്തെ ബുക്ക്‌ലെറ്റ് വിതരണം ചെയ്യുക. മൂന്നാമത്തെ ബുക്ക്‌ലെറ്റ് വിതരണം ചെയ്യുമ്പോൾ വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിരിക്കുന്ന മീഡിയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഒന്നും, രണ്ടും ബുക്ക്‌ലെറ്റുകളുടെ കോഡുകൾക്ക് സമാനമായ കോഡ് ആണ് മൂന്നാമത്തെ ബുക്ക്‌ലെറ്റ് എന്ന് ഇൻവിജിലേറ്ററും, വിദ്യാർത്ഥികളും ഉറപ്പുവരുത്തുക. .

- 10.00 മണിയുടെ ലോംങ് ബെല്ലിന് വിദ്യാർത്ഥികൾക്ക് മൂന്ന് ബുക്ക്‌ലെറ്റുകളുടെയും ചോദ്യപേപ്പറുകൾ തുറന്ന് ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുവാനും ഉത്തരങ്ങൾ ക്രമീകരിക്കാനുളള സമയം ആരംഭിക്കുന്നു.

- 10.20 ന്റെ Single Bell-ന് വിദ്യാർത്ഥികൾ OMR ഷീറ്റിൽ ഉത്തരങ്ങൾ രേഖപ്പെടുത്തി തുടങ്ങുന്നു.

- ഓരോ അരമണിക്കൂർ കഴിയുമ്പോഴും Single Bell -ഉം, ഒരു മണിക്കൂർ കഴിയുമ്പോൾ Double Bell-ഉം, പരീക്ഷ അവസാനിക്കുമ്പോൾ long bell -ഉം അടിക്കേണ്ടതാണ്.

- 12.20 ന് ലോംഗ് ബെല്ലോടുകൂടി പരീക്ഷ അവസാനിപ്പിക്കേണ്ടതും ഓരോ വിദ്യാർത്ഥിയുടെയും OMR ഇൻവിജിലേറ്റർ സ്വീകരിക്കേണ്ടതുമാണ്. പരീക്ഷ എഴുതിയ എല്ലാ വിദ്യാർത്ഥികളുടെയും OMR സ്വീകരിച്ചു എന്ന് ഉറപ്പു വരുത്തിയതിനുശേഷം വിദ്യാർത്ഥികളെ പരീക്ഷാഹാളിൽ നിന്നും പുറത്തേയ്ക്ക് വിടേണ്ടതാണ്.

- ഇൻവിജിലേറ്റർമാരിൽ നിന്നും അറ്റൻഡൻസ് ഷീറ്റ് പ്രകാരം എല്ലാ വിദ്യാർത്ഥികളുടെയും OMR കിട്ടി എന്ന് ഉറപ്പു വരുത്തിയതിനു ശേഷം OMR ബണ്ടിലുകൾ പരീക്ഷാഭവനിലേയ്ക്ക് നൽകുന്നതിന് വേണ്ടി പായ്ക്ക് ചെയ്ത് സീൽ ചെയ്യേണ്ടതാണ്.

- പരീക്ഷാദിവസം വൈകിട്ട് 6 മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട ജില്ലാവിദ്യാഭ്യാസ ആഫീസുകളിൽ OMR ബണ്ടിലുകൾ ഏൽപ്പിച്ച് ഡി.ഇ.ഒ യിൽ നിന്നും രസീത് കൈപ്പറ്റേണ്ടതാണ്.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

1. വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുളള വിഷയം, മീഡിയം എന്നിവ അനുസരിച്ച് മാത്രമേ വിദ്യാർത്ഥികൾക്ക് ചോദ്യപേപ്പർ നൽകാവൂ.

2. ഒരു വിദ്യാർത്ഥിക്ക് ലഭിക്കുന്ന മൂന്ന് ബുക്ക്‌ലെറ്റുകളുടേയും കോഡുകൾ ഒന്നുതന്നെയാണെന്ന് ഇൻവിജിലേറ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഈ കോഡ്തന്നെയാണ് വിദ്യാർത്ഥി ഒ.എം.ആർ രേഖപ്പെടുത്തിയിട്ടുളളതെന്നും ഉറപ്പുവരുത്തേണ്ടതാണ്.

# U.S.S EXAMINATION MAY 2022

**EXAMINATION DATE : 25/06/2022 TIME : 10 AM TO 12.20 PM.**

## BOOKLET – I PART – A

| Question Code | Part | Question No. | Subjects | Remarks |
|---|---|---|---|---|
| 601 M | Part - A | I to 10 | I<sup>st</sup> Language- Malayalam (AT) | Separate Booklet with Malayalam instruction |
| 601 T | Part - A | I to 10 | Ist Language- Tamil (AT) | Separate Booklet with Tamil instruction |
| 601 K | Part - A | I to 10 | Ist Language- Kannada(AT) | Separate Booklet with Kannada instruction |
| 601 A | Part - A | I to 10 | Ist Language- Arabic(AT) | Separate Booklet with Malayalam instruction |
| 601 U | Part - A | I to 10 | Ist Language- Urdu (AT) | Separate Booklet with Malayalam instruction |
| 601 S | Part - A | I to 10 | Ist Language- Sanskrit (AT) | Separate Booklet with Malayalam instruction |
| **BOOKLET -II - PART B** | | | | |
| 602 M | Part - B | 11 to 24 | Ist Language- Malayalam (BT) | Separate Booklet with Malayalam instruction |
| 602 T | Part - B | 11 to 24 | Ist Language- Tamil (BT) | Separate Booklet with Tamil instruction |
| 602 K | Part - B | 11 to 24 | Ist Language-Kannada (BT) | Separate Booklet with Kannada instruction |
| **BOOKLET – III PART – C, D, E, F** | | | | |
| 603 M<br>604 E<br>605 M<br>606 M | Part – C, D, E, F | 25 to 34<br>35 to 44<br>45 to 57<br>58 to 70 | Malayalam Medium | Separate Booklet with Malayalam instruction |
| 603 T<br>604 E<br>605 T<br>606 T | Part – C, D, E, F | 25 to 34<br>35 to 44<br>45 to 57<br>58 to 70 | Tamil Medium | Separate Booklet with Tamil instruction |
| 603 K<br>604 E<br>605 K<br>606 K | Part – C, D, E, F | 25 to 34<br>35 to 44<br>45 to 57<br>58 to 70 | Kannada Medium | Separate Booklet with Kannada instruction |
| 603 E<br>604 E<br>605 E<br>606 E | Part – C, D, E, F | 25 to 34<br>35 to 44<br>45 to 57<br>58 to 70 | English Medium | Separate Booklet with English instruction |

**Part C - Mathematics**
**Part D – English**
**Part E – Basic Science**
**Part F – Social Science**

## 9. പരീക്ഷയുടെ സിലബസും സ്വഭാവവും.

- യു.എസ്.എസ് പരീക്ഷയ്ക്ക് ഏഴാം ക്ലാസ് പാഠഭാഗങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾ 2022 മാർച്ച് 31 വരെ പഠിപ്പിക്കേണ്ടവ ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഏഴാം ക്ലാസ്സുവരെ കുട്ടി നേടിയിരിക്കേണ്ട പഠന നേട്ടങ്ങൾ (ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവതലം) പരിഗണിച്ചുകൊണ്ടാണ് യു.എസ്.എസ് പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്.
- പരീക്ഷയുടെ വസ്തുനിഷ്ഠതയും(**objectivity**) വിശ്വാസ്യതയും (**reliability**) നിലനിർത്തുന്നതിനായി ബഹുവികല്പ ചോദ്യങ്ങൾ (**Multiple choice test items**) ആയിരിക്കും ഈ പരീക്ഷയിൽ ഉൾപ്പെടുത്തുന്നത്.
- ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ടവയും ഉയർന്ന ശേഷിക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കണം.
    - അറിവിന്റെ സ്വാംശീകരണം
    - അറിവിന്റെ പ്രയോഗം
    - വിശകലനാത്മകത
    - വിലയിരുത്തൽ/നിലപാട് സ്വീകരിക്കൽ
    - സൃഷ്ടിപരത

1. പരീക്ഷയുടെ ഘടന

യു.എസ്.എസ്. പരീക്ഷയ്ക്ക് ആകെ 1 പേപ്പർ മാത്രമായിരിക്കും

| | | | |
|---|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (ഭാഗം 1) **A.T** മലയാളം/കന്നട/തമിഴ്/ അറബി/ ഉറുദു/ സംസ്കൃതം | |
| പാർട്ട് (ബി) | : | ഒന്നാം ഭാഷ (ഭാഗം 2) **B.T** മലയാളം/കന്നട/തമിഴ് | |
| പാർട്ട് (സി) | : | ഗണിതം | പാർട്ട് **C, D, E, F** എന്നിവ ചേർത്ത് ഒറ്റ ബുക്ക്ലെറ്റിൽ ആയിരിക്കും ചോദ്യങ്ങൾ |
| പാർട്ട് (ഡി) | : | ഇംഗ്ലീഷ് | |
| പാർട്ട് (ഇ) | : | അടിസ്ഥാന ശാസ്ത്രം | |
| പാർട്ട് (എഫ്) | : | സാമൂഹ്യശാസ്ത്രം | |

- രാവിലെ 10 മുതൽ 12.20 വരെയാണ് പരീക്ഷാ സമയം. ഇതിൽ ആദ്യത്തെ 20 മിനിട്ട് സമയം സമാശ്വാസ സമയമായി (**cool of time**) ഉപയോഗിക്കേണ്ടതാണ്.
- ആകെ 70 ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഇതിൽ 60 ചോദ്യങ്ങളുടെ ഉത്തരം എഴുതിയാൽ മതിയാകും.
- ആകെ 120 മിനിട്ടായിരിക്കും പരീക്ഷാ സമയം.
- ഓരോ പേപ്പറിന്റെയും ചോദ്യങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ്.

| | | | |
|---|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (ഭാഗം 1) | 10 |
| പാർട്ട് (ബി) | : | ഒന്നാം ഭാഷ (ഭാഗം 2) | 14 (പരമാവധി സ്കോർ 10) |
| പാർട്ട് (സി) | : | ഗണിതം | 10 |
| പാർട്ട് (ഡി) | : | ഇംഗ്ലീഷ് | 10 |
| പാർട്ട് (ഇ) | : | അടിസ്ഥാന ശാസ്ത്രം | 13 (പരമാവധി സ്കോർ 10) |
| പാർട്ട് (എഫ്) | : | സാമൂഹ്യശാസ്ത്രം | 13 (പരമാവധി സ്കോർ 10) |
| | | ആകെ | 70 (പരമാവധി സ്കോർ 60) |

- ഒരു ചോദ്യത്തിന് ഒരു സ്കോർ വീതം ആണ് ആകെ ഉത്തരം എഴുതേണ്ടത് 60 ചോദ്യങ്ങൾക്കാണ് അതുകൊണ്ട് പരമാവധി സ്കോർ 60 ആയിരിക്കും.
- ഓരോ വിഷയത്തിലും അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട സാമാന്യാവബോധം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- ഒന്നാം ഭാഷ (ഭാഗം 2) 4 ചോദ്യങ്ങളും, സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം എന്നിവയിൽ നിന്ന് 3 ചോദ്യങ്ങൾ വീതവും യഥാക്രമം കല, സാഹിത്യം, ആരോഗ്യ-കായിക വിഷയങ്ങളുമായി ബന്ധപ്പെടുത്തിയായിരിക്കും.
- ഗണിതത്തിന്റെ ചോദ്യങ്ങളിൽ യുക്തിചിന്ത (**reasoning**), മാനസികശേഷി (**mental ability**) എന്നിവ പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും.
- പാർട്ട് (എ) യിൽ ഓരോ വിഷയത്തിന്റെയും (ഭാഷകൾ) ചോദ്യങ്ങൾ 1 മുതൽ 10 വരെ ക്രമനമ്പരായിരിക്കും. അതുപോലെ പാർട്ട് ബി-യിലെ ഓരോ വിഷയത്തിന്റെയും ചോദ്യങ്ങൾ 11 മുതൽ 24 വരെ ക്രമനമ്പരായിരിക്കും. പാർട്ട് സി-യിലെ ചോദ്യങ്ങളുടെ ക്രമനമ്പർ 25 മുതൽ 34 വരെ ആയിരിക്കും.
- പാർട്ട് 'ഡി' യിലെ ചോദ്യങ്ങൾക്ക് (ഇംഗ്ലീഷ്) 35 മുതൽ 44 വരെ ക്രമനമ്പരും, പാർട്ട് 'ഇ' യിലെ ചോദ്യങ്ങൾക്ക് (അടിസ്ഥാനശാസ്ത്രം) 45 മുതൽ 57 വരെ ക്രമനമ്പരും, പാർട്ട് 'എഫ്' ലെ ചോദ്യങ്ങൾക്ക് (സാമൂഹ്യശാസ്ത്രം) 58 മുതൽ 70 വരെ ക്രമനമ്പരും ആയിരിക്കും

## 10. പൊതു നിർദ്ദേശങ്ങൾ

1. പരീക്ഷ ആരംഭിക്കുന്നതിനു മുമ്പ് തന്നെ എല്ലാവർക്കും ഒ.എം.ആർ. ഷീറ്റുകൾ, ചോദ്യബുക്ക്ലെറ്റ് എന്നിവ നൽകിയിട്ടുണ്ടെന്നും ഒ.എം.ആറിൽ രേഖപ്പെടുത്തേണ്ട വിവരങ്ങൾ ശരിയായവിധം രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കുക.
2. ഇൻവിജിലേറ്റർമാർ ഒ.എം.ആർ. ഉത്തരക്കടലാസുകൾ തിരികെ ചീഫ് സൂപ്രണ്ടിനെ ഏൽപ്പിക്കുമ്പോൾ അറ്റൻഡൻസ് ഷീറ്റുമായി ഒത്തുനോക്കി എണ്ണം ശരിയാണെന്ന് ഉറപ്പിച്ചതിനുശേഷം ഇൻവിജിലേറ്റർമാരിൽ നിന്ന് ചീഫ് സൂപ്രണ്ട് ഓരോ ഷീറ്റിലും മോണോഗ്രാം പതിച്ച് കൈപ്പറ്റുക.
3. എല്ലാ ഷീറ്റുകളിലും മോണോഗ്രാം പതിച്ചുവെന്ന് ഉറപ്പാക്കിയശേഷം ഓരോ ക്ലാസ്സ് മുറികളിൽ നിന്നും ലഭിച്ച ഉത്തരക്കടലാസുകൾ ഒരുമിച്ച് ഒറ്റക്കെട്ടാക്കി പായ്ക്ക് ചെയ്യുക.
4. പായ്ക്കറ്റിനു പുറത്ത് സെന്ററിന്റെ പേര്, കോഡ്, പരീക്ഷയുടെ പേര്, പേപ്പർ, തീയതി, ഒ.എം.ആർ ഷീറ്റിന്റെ എണ്ണം എന്നിവ രേഖപ്പെടുത്തണം. അറ്റൻഡൻസ് ഷീറ്റിന്റെ പകർപ്പ് പ്രസ്തുത പായ്ക്കറ്റിൽ ഉൾപ്പെടുത്തി പരീക്ഷാ ദിവസം തന്നെ വൈകിട്ട് ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ആഫീസുകളിൽ എത്തിക്കണം.

ചുവടെ പറയുന്ന വിവരങ്ങൾ എല്ലാ പരീക്ഷാസെന്ററുകളിലും കൃത്യമായി സൂക്ഷിക്കേണ്ടതും ക്രമനമ്പർ 4, 5 എന്നിവയുടെ ഒറിജിനൽ പരീക്ഷാഭവനിലേയ്ക്ക് ഒ.എം.ആർ. ഷീറ്റിനൊപ്പം ഒരു കവറിലിട്ട് നൽകേണ്ടതുമാണ്.

1. **Seating arrangement Register**
2. **Register of Question Paper packets received**
3. **Register of Teachers deputed for invigilation Duty**
4. **<u>Attendance Register of Candidates</u> - Room-wise (For Pareeksha Bhavan)**
5. **<u>Absentees Statement of Candidates</u> – Room-wise (For Pareeksha Bhavan)**

(ആബ്സന്റീസ് സ്റ്റേറ്റ്മെന്റിന്റെ ഒരു പകർപ്പ് എ.ഇ.ഒ. പരീക്ഷാദിവസം തന്നെ സെന്ററുകളിൽ നിന്ന് സ്വീകരിക്കുകയും **www.keralapareekshabhavan.in** എന്ന ലിങ്കിൽ എ.ഇ.ഒ.യിൽ നിന്ന് എൻട്രി വരുത്തേണ്ടതും ആയതിന്റെ പ്രിന്റൗട്ട് എ.ഇ.ഒ.യിൽ സൂക്ഷിക്കേണ്ടതുമാണ്.)

11. **<u>സ്കോളർഷിപ്പ് ലഭിക്കുന്നതിനുളള യോഗ്യത</u>**

ആകെയുള്ള 60 സ്കോറിൽ 42 സ്കോറോ (70%) അതിൽ കൂടുതലോ കിട്ടിയാൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും.

12. **കോവിഡ്-19 നിർദ്ദേശങ്ങൾ:**

- കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ കർശന ആരോഗ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരീക്ഷ നടത്തേണ്ടത്. പരീക്ഷാ ഹാളുകൾ, ഫർണിച്ചർ, പരിസരം എന്നിവ ശുചിയാക്കുകയും അണുവിമുക്തമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശന കവാടത്തിൽ വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ നൽകുന്നതിനായി ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. പരീക്ഷാദിവസങ്ങളിൽ പരീക്ഷാ കേന്ദ്രത്തിന്റെ കോമ്പൗണ്ടിനുള്ളിൽ പൂർണ്ണമായും വിദ്യാർത്ഥികൾ മാസ്ക് ധരിച്ചിട്ടുണ്ടെന്നും സാമൂഹിക അകലം പാലിക്കുന്നുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. കോവിഡ് പോസിറ്റീവായവരെയും, തെർമൽ സ്കാന റിൽ ഉയർന്ന ഊഷ്മാവ് കാണിക്കുന്നവരെയും, മറ്റു അസുഖ ലക്ഷണം കാണിക്കുന്ന വരെയും പ്രത്യേകം ഹാളുകളിൽ പരീക്ഷയ്ക്ക് ഇരുത്തേണ്ടതാണ്. പരീക്ഷ നട ത്തുമ്പോൾ പ്രത്യേക മുറികളിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കട ലാസുകൾ പ്ലാസ്റ്റിക് കവറുകളിൽ ശേഖരിച്ച് സീൽ ചെയ്യുകയും ഇവ പ്ലാസ്റ്റിക് കവർ തുറക്കാതെ തന്നെ പ്രത്യേക സി വി കവറിലാക്കി, കവറിന്റെ പുറത്ത് പ്രസ്തുത വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ഈ വിജ്ഞാപനത്തിൽ പറഞ്ഞിരി ക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

**ജോയിന്റ് കമ്മീഷണർ**
(സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല)

പകർപ്പ്:-

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർമാർക്കും
3. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. (ഡി.ഇ.ഒ. മുഖേന)
5. എല്ലാ ചീഫ് സൂപ്രണ്ട്/ഡെപ്യൂട്ടി ചീഫ് സൂപ്രണ്ടുമാർക്കും (ഡി.ഇ.ഒ./എ.ഇ.ഒ.മുഖേന)

INSTRUCTIONS: CANDIDATE TO PLEASE FOLD AT PERFORATION AND THEN TEAR AFTER EXAMINATION IS OVER, SEPARATE ORIGINAL COPY AND CANDIDATE'S COPY OF OMR ANSWER SHEET AND HANDOVER ORIGINAL ANSWER SHEET TO THE INVIGILATOR.

# PAREEKSHA BHAVAN KERALA, THIRUVANANTHAPURAM

## USS EXAMINATION - 2022

**ORIGINAL COPY**

GOVERNMENT OF KERALA

### IMPORTANT INSTRUCTIONS

1. Mark should be dark and completely fill in the appropriate circles. Mark the circles corresponding to one alternative out of A, B, C, D which you think is correct answer to an item given in the Question Booklet as per example.

| Correct Method | Wrong Method |
|---|---|
| Ⓐ Ⓑ ● Ⓓ | ⊗ ◐ ⊘ ◎ |

2. Use only Blue/Black Ball Pen to fill the OMR Sheet.
3. There should be no stray marks on the sheet or on the barcode. Darken only one circle for every question.
4. Do not fold or damage the sheet.
5. All item carry one mark each.

**Name of the Candidate** (Leave a box blank between each part of the name)

| | | | | | | | | | | | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|

| Roll Number (as given in Admission Card) ROLL NUMBER USS EXAM | Question Booklet Number | Booklet Set Code | Medium |
|---|---|---|---|
| 0 1 2 3 4 5 6 7 8 9 (×6) | 0 1 2 3 4 5 6 7 8 9 (×6) | A ○ B ○ C ○ D ○ | Malayalam ○ English ○ Tamil ○ Kannada ○ |

BARCODE

**Signature of Candidate** (Within the Box)

**Signature of Invigilator** (Within the Box)

| Ist Language (AT) | | Ist Language (BT) | Gender |
|---|---|---|---|
| Malayalam ○ | Arabic ○ | Malayalam ○ | Male ○ |
| Tamil ○ | Urdu ○ | Tamil ○ | |
| Kannada ○ | Sanskrit ○ | Kannada ○ | Female ○ |

**Monogram of Centre Superintendent** (Within the Box)

*Important Instruction : Use same set of question booklet for Part A, B & C to F.*

**PART - A 1st Language-AT** — *Question No. 1 to 10 Answer all Questions*

| Q | Options |
|---|---|
| 1 | Ⓐ Ⓑ Ⓒ Ⓓ |
| 2 | Ⓐ Ⓑ Ⓒ Ⓓ |
| 3 | Ⓐ Ⓑ Ⓒ Ⓓ |
| 4 | Ⓐ Ⓑ Ⓒ Ⓓ |
| 5 | Ⓐ Ⓑ Ⓒ Ⓓ |
| 6 | Ⓐ Ⓑ Ⓒ Ⓓ |
| 7 | Ⓐ Ⓑ Ⓒ Ⓓ |
| 8 | Ⓐ Ⓑ Ⓒ Ⓓ |
| 9 | Ⓐ Ⓑ Ⓒ Ⓓ |
| 10 | Ⓐ Ⓑ Ⓒ Ⓓ |

**PART - B 1st Language-BT** — *Out of Question No. 11 to 24 answer of 10 Questions only will be considered.*

| Q | Options |
|---|---|
| 11 | Ⓐ Ⓑ Ⓒ Ⓓ |
| 12 | Ⓐ Ⓑ Ⓒ Ⓓ |
| 13 | Ⓐ Ⓑ Ⓒ Ⓓ |
| 14 | Ⓐ Ⓑ Ⓒ Ⓓ |
| 15 | Ⓐ Ⓑ Ⓒ Ⓓ |
| 16 | Ⓐ Ⓑ Ⓒ Ⓓ |
| 17 | Ⓐ Ⓑ Ⓒ Ⓓ |
| 18 | Ⓐ Ⓑ Ⓒ Ⓓ |
| 19 | Ⓐ Ⓑ Ⓒ Ⓓ |
| 20 | Ⓐ Ⓑ Ⓒ Ⓓ |
| 21 | Ⓐ Ⓑ Ⓒ Ⓓ |
| 22 | Ⓐ Ⓑ Ⓒ Ⓓ |
| 23 | Ⓐ Ⓑ Ⓒ Ⓓ |
| 24 | Ⓐ Ⓑ Ⓒ Ⓓ |

**PART - C (Mathematics)** and **PART - D (English)** — *Question No. 25 to 44 Answer all Questions.*

| Q | Options |
|---|---|
| 25 | Ⓐ Ⓑ Ⓒ Ⓓ |
| 26 | Ⓐ Ⓑ Ⓒ Ⓓ |
| 27 | Ⓐ Ⓑ Ⓒ Ⓓ |
| 28 | Ⓐ Ⓑ Ⓒ Ⓓ |
| 29 | Ⓐ Ⓑ Ⓒ Ⓓ |
| 30 | Ⓐ Ⓑ Ⓒ Ⓓ |
| 31 | Ⓐ Ⓑ Ⓒ Ⓓ |
| 32 | Ⓐ Ⓑ Ⓒ Ⓓ |
| 33 | Ⓐ Ⓑ Ⓒ Ⓓ |
| 34 | Ⓐ Ⓑ Ⓒ Ⓓ |
| 35 | Ⓐ Ⓑ Ⓒ Ⓓ |
| 36 | Ⓐ Ⓑ Ⓒ Ⓓ |
| 37 | Ⓐ Ⓑ Ⓒ Ⓓ |
| 38 | Ⓐ Ⓑ Ⓒ Ⓓ |
| 39 | Ⓐ Ⓑ Ⓒ Ⓓ |
| 40 | Ⓐ Ⓑ Ⓒ Ⓓ |
| 41 | Ⓐ Ⓑ Ⓒ Ⓓ |
| 42 | Ⓐ Ⓑ Ⓒ Ⓓ |
| 43 | Ⓐ Ⓑ Ⓒ Ⓓ |
| 44 | Ⓐ Ⓑ Ⓒ Ⓓ |

**PART - E (Basic Science)** — *Out of Question No. 45 to 57 correct answer of 10 Questions only will be considered.*

| Q | Options |
|---|---|
| 45 | Ⓐ Ⓑ Ⓒ Ⓓ |
| 46 | Ⓐ Ⓑ Ⓒ Ⓓ |
| 47 | Ⓐ Ⓑ Ⓒ Ⓓ |
| 48 | Ⓐ Ⓑ Ⓒ Ⓓ |
| 49 | Ⓐ Ⓑ Ⓒ Ⓓ |
| 50 | Ⓐ Ⓑ Ⓒ Ⓓ |
| 51 | Ⓐ Ⓑ Ⓒ Ⓓ |
| 52 | Ⓐ Ⓑ Ⓒ Ⓓ |
| 53 | Ⓐ Ⓑ Ⓒ Ⓓ |
| 54 | Ⓐ Ⓑ Ⓒ Ⓓ |
| 55 | Ⓐ Ⓑ Ⓒ Ⓓ |
| 56 | Ⓐ Ⓑ Ⓒ Ⓓ |
| 57 | Ⓐ Ⓑ Ⓒ Ⓓ |

**PART - F (Social Science)** — *Out of Question No. 58 to 70 correct answer of 10 Questions only will be considered.*

| Q | Options |
|---|---|
| 58 | Ⓐ Ⓑ Ⓒ Ⓓ |
| 59 | Ⓐ Ⓑ Ⓒ Ⓓ |
| 60 | Ⓐ Ⓑ Ⓒ Ⓓ |
| 61 | Ⓐ Ⓑ Ⓒ Ⓓ |
| 62 | Ⓐ Ⓑ Ⓒ Ⓓ |
| 63 | Ⓐ Ⓑ Ⓒ Ⓓ |
| 64 | Ⓐ Ⓑ Ⓒ Ⓓ |
| 65 | Ⓐ Ⓑ Ⓒ Ⓓ |
| 66 | Ⓐ Ⓑ Ⓒ Ⓓ |
| 67 | Ⓐ Ⓑ Ⓒ Ⓓ |
| 68 | Ⓐ Ⓑ Ⓒ Ⓓ |
| 69 | Ⓐ Ⓑ Ⓒ Ⓓ |
| 70 | Ⓐ Ⓑ Ⓒ Ⓓ |




SCJ - 4995